ഉത്തരം

(എ) എഞ്ചിനീയറിംഗ് വിഭാഗത്തിൽ 18,444 സീറ്റുകളും, മെഡിക്കൽ/അഗ്രിക്കൾച്ചർ വിഭാഗത്തിൽ 4406 സീറ്റുകളുമാണ് ഇപ്പോൾ ഉള്ളത്. മാൻഡേറ്ററി റിസർവേഷൻ ആനുകൂല്യത്തിന് ലഭ്യമാകുന്ന സീറ്റുകളുടെ 8 ശതമാനം പട്ടികജാതിക്കാർക്കും 2 ശതമാനം പട്ടികവർഗ്ഗക്കാർക്കും നീക്കിവച്ചിട്ടുണ്ട്.

(ബി) അതെ, മെഡിക്കൽ വിഭാഗത്തിൽ എം.ബി.ബി.എസ്., ബി.ഡി.എസ്. കോഴ്സുകൾക്ക് അഖിലേന്ത്യാ ക്വാട്ട, കേന്ദ്ര ഗവൺമെന്റ് നോമിനികൾ, കേന്ദ്രഭരണ പ്രദേശങ്ങൾ, സ്പെഷ്യൽ റിസർവേഷൻ വിഭാഗം എന്നിവർക്കുള്ള സീറ്റുകളും, ഈ വർഷം മുതൽ ഹിസിക്കലി ഹാൻഡിക്കാപ്ഡ് വിദ്യാർത്ഥികൾക്ക് അനുവദിച്ച 3% സീറ്റുകളും നീക്കി വച്ചശേഷമുള്ള സീറ്റുകളുടെ വിഹിതമാണ് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ ഉൾപ്പെടെ മാൻഡേറ്ററി റിസർവേഷൻ തത്വമനുസരിച്ച് വിവിധ വിഭാഗങ്ങൾക്ക് അനുവദിക്കുന്നത്. എഞ്ചിനീയറിംഗ് കോഴ്സുകൾ, മറ്റു മെഡിക്കൽ കോഴ്സുകൾ എന്നിവയ്ക്ക് അഖിലേന്ത്യാ ക്വാട്ട നിലവിലില്ല. എന്നാൽ ആയുർവേദം, എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് എൻ.ആർ.ഐ. സീറ്റുകൾ കൂടി ഒഴിവാക്കിയശേഷമാണ് സംവരണാനുപാതം നിശ്ചയിക്കുന്നത്.

(സി) 2-5-1966-ലെ ജി.ഒ.(പി)208/66/എഡ്യു. ഉത്തരവ് പ്രവേശന പരീക്ഷയോടനുബന്ധിച്ച് ഇറക്കിയതല്ല. പ്രസ്തുത ഉത്തരവ് കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച റിസർവേഷൻ തത്വങ്ങൾ ഉൾക്കൊള്ളുന്നതാണ്.

പാലയാട് ലീഗൽ സ്റ്റഡി സെന്ററിന് സ്വന്തമായ സ്ഥലവും കെട്ടിടവും നിർമ്മിക്കുന്നത് സംബന്ധിച്ച നിവേദനം

144 [5126] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി പാലയാട് ലീഗൽ സ്റ്റഡി സെന്ററിന് സ്വന്തമായ സ്ഥലവും കെട്ടിടവും നിർമ്മിക്കുന്നത് സംബന്ധിച്ച നിവേദനം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വിഷയത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബന്ധപ്പെട്ട വിവരങ്ങളും രേഖകളും സഹിതം യൂണിവേഴ്സിറ്റിയുടെ ശുപാർശ സമർപ്പിക്കുന്നതിന് കണ്ണൂർ സർവ്വകലാശാല രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

"പരീക്ഷാഫീസ് വർദ്ധിപ്പിക്കണമെന്ന ശുപാർശ"

145 [5127] ശ്രീ. പിരപ്പൻകോട് മുരളി:
" പി. സി. ജോർജ്ജ്:
" മത്തായി ചാക്കോ:
" എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിലെ പരീക്ഷാഫീസ് വർഷംതോറും പത്തു ശതമാനം കണ്ട് വർദ്ധിപ്പിക്കണമെന്ന് അന്തർ സർവ്വകലാശാല കൂടിയാലോചന സമിതി ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ശുപാർശ ഗവൺമെന്റിന്റെ പരിഗണനയ്ക്കായി ലഭിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സർക്കാരിന്റെ നയം എന്തെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ ശുപാർശ നടപ്പിലാക്കണമെന്ന് സമിതി സർവ്വകലാശാലകളോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിലെ പരീക്ഷാഫീസ് വർഷംതോറും 10% കണ്ട് വർദ്ധിപ്പിക്കണമെന്ന് അന്തർ സർവ്വകലാശാല കൂടിയാലോചന സമിതി ചുമതല പ്പെടുത്തിയ പ്രൊഫ. കെവിൻ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി, ഡി) പരീക്ഷാഫീസ് വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശ തയ്യാറാക്കിയതിന് പിന്നിലെ തത്വവും അടിസ്ഥാനവും എന്തെന്ന് വിശദമാക്കാൻ കമ്മിറ്റിയോടുതന്നെ ആവശ്യ പ്പെട്ടിരിക്കുകയാണ്.

(നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5128-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

സർവ്വകലാശാലകളിലെ സ്റ്റാറ്റ്യൂട്ടറി ഓഫീസർമാർ

146 [5129] ശ്രീ. വി. ജെ. പൗലോസ്:
„ എൻ. ഡി. അപ്പച്ചൻ:
ശ്രീമതി മേഴ്സി രവി:
ശ്രീ. ടി. എൻ. പ്രതാപൻ:
„ കെ. അച്യുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വകലാശാലകളിലെ സ്റ്റാറ്റ്യൂട്ടറി ഓഫീസർമാർ ആരെല്ലാമാണ്;

(ബി) ഇവരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുവാനുള്ള നിർദ്ദേശമുണ്ടോ;

(സി) ഇവരുടെ മാത്രം പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിനുള്ള അടിസ്ഥാന മെന്തെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) 1. വൈസ് ചാൻസലർ
2. പ്രൊ. വൈസ് ചാൻസലർ
3. രജിസ്ട്രാർ
4. ഫിനാൻസ് ഓഫീസർ
5. പരീക്ഷാ കൺട്രോളർ എന്നിവരാണ്.

LIBRARY ARCHIVES Kerala Legislative Assembly